1. **എന്താണ് ഡി.ഡി.യു.ജി.കെ.വൈ?**

ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിലെ 18നും 35നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് വൈദഗ്ധ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് ഡി.ഡി.യു.ജി.കെ.വൈ. ദേശീയ ഗ്രാമീണ ഉപജീവന മിഷനും കുടുംബശ്രീയും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

2. **എന്നാണ് ഈ പദ്ധതി തുടങ്ങിത്?**

കേരളത്തിൽ 2014 ഫെബ്രുവരി മാസത്തിലാണ് പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്.

3. **എന്തിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ?**

ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ടവരായ യുവതീയുവാക്കളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ചെറുപ്പക്കാർക്ക് വൈദഗ്ധ്യ തൊഴിൽ പരിശീലനം നൽകി അവരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിലൂടെ തൊഴിലില്ലായ്മയ്ക്ക് അറുതിവരുത്തുവാൻ സാധിക്കുന്നു.

4. **ഇന്ത്യയിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ ?**

ഇല്ല. ഇപ്പോൾ 21 സംസ്ഥാനങ്ങളിൽ മാത്രമേ ഈ പദ്ധതി നിലവിലുള്ളൂ.

5. **എന്തുകൊണ്ട് നിങ്ങൾ ഡി.ഡി.യു.ജി.കെ.വൈയിൽ അംഗമാകണം?**

ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതക്കും അഭിരുചിക്കും ഉതകുന്ന നൈപുണ്യ പരിശീലനം നൽകി അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തണം. ഇതിലൂടെ താഴെപ്പറയുന്ന സേവനങ്ങളാണ് നൽകപ്പെടുന്നത്.

- നേരിട്ടുള്ള കൗൺസിലിംഗ്
- നിങ്ങളുടെ അഭിരുചിയ്ക്ക് ചേർന്നിട്ടുള്ള നൈപുണ്യമേഖല കണ്ടെത്തുന്നു.
- ആധുനിക രീതിയിലുള്ള പരിശീലനം നൽകപ്പെടുന്നു.
- നിങ്ങൾക്ക് നേടാം കേന്ദ്രഗവൺമെന്റിന്റെ അംഗീകൃത സർട്ടിഫിക്കേഷൻ
- ജോലിസാധ്യതകൾ- ചുരുങ്ങിയത് 6000/- രൂപ പ്രതിമാസം വരുമാനമുള്ള ജോലി ലഭിക്കുന്നു.
- ജോലിയുടെ ഭാഗമായി പുതിയ നഗരങ്ങളിലേക്കു മാറുവാനുള്ള സൗകര്യം.

**6. ഞാൻ നൈപുണ്യ പരിശീലനം നേടേണ്ടതിന്റെ ആവശ്യകത എന്ത് ?**

യൂണിവേഴ്സിറ്റി ഡിഗ്രികൾ പലതും കരസ്ഥമാക്കിയാലും ജോലി ലഭിക്കണമെന്ന് ഉറപ്പില്ല. അഭിരുചിക്കനുസൃതമായി സ്വന്തം കഴിവിനെ വളർത്തി അനുയോജ്യമായ മേഖലയിൽ തൊഴിൽ സമ്പാദിക്കുന്നതിനും അതിലൂടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നൈപുണ്യ പരിശീലനം അത്യാവശ്യമാണ്.

**7. പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ ഏവ ?**

ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കണ്ടെത്തുന്ന ദരിദ്ര കുടുംബങ്ങളിലെ 18നും 35നും ഇടയിൽ പ്രായമുള്ള അംഗങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. പട്ടികവർഗക്കാർ, വൈകല്യമുള്ളവർ, യുവതികൾ എന്നിവർക്ക് 45 വയസ് വരെ ഇളവ് അനുവദനീയമാണ്. കഴിഞ്ഞ 3 വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽദിനങ്ങൾ വീതം ഓരോ വർഷവും പൂർത്തിയാക്കിയവർക്ക് മുൻഗണന.

**8. പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ?**

ശാരീരിക വൈകല്യമുള്ളവർ, ട്രാൻസ് ജെന്റർ, പട്ടികവർഗക്കാർ, മനുഷ്യക്കടത്തിന് വിധേയമായിട്ടുള്ള കുടുംബങ്ങൾ, എന്നിവർക്ക് 45 വയസ് വരെ.

**9. പദ്ധതിയിൽ ചേരുന്നതിനായി ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെ ?**

ജനന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, തൊഴിൽ കാർഡ്, ആർ.എസ്.ബി.വൈ കാർഡ്, എ.എ.വൈ കാർഡ്, ബി.പി.എൽ റേഷൻ കാർഡ്, കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗമായതിന്റെ രേഖ. കൂടാതെ ഗുണഭോക്താക്കൾ പ്രത്യേക വിഭാഗത്തിൽ യോഗ്യത നേടുന്നതിനായി എസ്.സി/എസ്.റ്റി കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വൈകല്യം തെളിയിക്കുന്ന രേഖകൾ, ന്യൂനപക്ഷത്തിലാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.

**10. പ്രൈമറി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ എനിക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിൽ ചേരുന്നതിന് എനിക്ക് സാധിക്കുമോ ?**

സാധിക്കും.

**11. ഈ പദ്ധതിക്കു കീഴിൽ വരുന്ന വ്യവസായ മേഖലകൾ ഏതൊക്കെയാണ് ?**

പദ്ധതിയുടെ കീഴിൽ നിലവിൽ 82 സെക്ടറുകളിലായി 450–ൽപ്പരം ജോബ് റോളുകളിൽ പരിശീലനം നടത്തിവരുന്നു.

12. **ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിൽ ഏതൊക്കെ തരത്തിലുള്ള തൊഴിലുകളാണ് നൽകുന്നത് ?**

പദ്ധതിയുടെ കീഴിൽ നിലവിൽ 82 സെക്ടറുകളിലായി 450–ൽപ്പരം ജോബ് റോളുകളിൽ തൊഴിൽ നൽകിവരുന്നു.

13. **ഏതുതരം നൈപുണ്യ പരിശീലനമാണ് എനിക്ക് നൽകുന്നത് ?**

വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയും അഭിരുചിക്കും ഉതകുന്ന പരിശീലനമാണ് നൽകിവരുന്നത്.

14. **ഏതു നൈപുണ്യ പരിശീലനം തെരഞ്ഞെടുക്കണം എന്നതിനെ സംബന്ധിച്ച് ഞാൻ ആശയക്കുഴപ്പിലാണ്. ശരിയായ നൈപുണ്യ പരിശീലനം തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാർഗമുണ്ടോ ?**

ഉണ്ട്. ഏവർക്കും വ്യത്യസ്തമായ പല കഴിവുകളുമുണ്ട്. അതിനാൽ പ്രസ്തുത പദ്ധതിയിൽ പരിശീലനം ലഭിക്കുന്നതിനുവേണ്ടി ഏജൻസികളുമായി ബന്ധപ്പെട്ട് അഭിരുചി തെളിയിക്കുന്ന പരീക്ഷകൾ പൂർത്തിയാക്കേണ്ടതാണ്.

15. **പരിശീലനം നൽകുന്നത് സർക്കാരാണോ അല്ലെങ്കിൽ സ്വകാര്യ ഏജൻസികളാണോ ?**

പരിശീലനം സ്വകാര്യ ഏജൻസികൾ, എൻ.ജി.ഒകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരാണ് നൽകുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാർ അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യേഴ്സ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. എൻ.സി.വി.റ്റി.യോ അല്ലെങ്കിൽ എസ്.എസ്.സി അംഗീകരിച്ച ജോബ് റോളും പാഠ്യപദ്ധതിയുമാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്.

16. **എന്തെങ്കിലും തരത്തിലുള്ള പ്രവേശന ഫീസ് ഈടാക്കുന്നുണ്ടോ ?**

ഇല്ല. പൂർണമായും സൗജന്യമായിട്ടാണ് പരിശീലനം നൽകുന്നത്. എന്നാൽ വിദ്യാർത്ഥികൾ എല്ലാ ക്ലാസുകളിലും പങ്കെടുക്കേണ്ടതും ചുരുങ്ങിയത് 70% മാർക്ക് വാങ്ങി പരീക്ഷകൾ വിജയിക്കേണ്ടതുമാണ്.

17. **പരിശീലന കാലാവധി എത്രയാണ് ?**

3 മാസം. (576 മണിക്കൂർ), 6 മാസം (1152 മണിക്കൂർ), 9 മാസം (1728 മണിക്കൂർ), ഒരു വർഷം (2304 മണിക്കൂർ)

**18. മുഴുവൻ സമയ ക്ലാസുകളാണോ, പാർട്ട് ടൈം ക്ലാസുകളാണോ നൽകുന്നത് ?**

മുഴുവൻ സമയ ക്ലാസുകൾ. ആഴ്ചയിൽ 6 ദിവസം. 8 മണിക്കൂർ വീതം.

**19.** എന്റെ ഹാജർനില 50%-ൽ കുറഞ്ഞാൽ എന്തു ചെയ്യും ?

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതിനോ പരീക്ഷ എഴുതുന്നതിനോ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനോ സാധിക്കാതെ വരുന്നു.

**20. പരിശീലനം പൂർത്തിയാക്കിയാൽ സർട്ടിഫിക്കറ്റ് ലഭിക്കുമോ ? സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ആരാണ് ?**

അതെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും എൻ.സി.വി.റ്റി അല്ലെങ്കിൽ എസ്.എസ്.സി പരീക്ഷകൾ പാസാകുന്നതിലൂടെ സർട്ടിഫിക്കറ്റുകൾ ലഭിക്കും.

**21.** പരിശീലനത്തോടൊപ്പം പഠനം പൂർത്തിയാക്കുവാൻ സാധിക്കുമോ ?

നിലവിൽ സാധിക്കില്ല.

**22. എന്റെ പ്രദേശത്തെ പരിശീലന കേന്ദ്രങ്ങളെക്കുറിച്ച് എനിക്ക് എങ്ങനെ അറിയാൻ കഴിയും ?**

കുടുംബശ്രീ സി.ഡി.എസുമായോ കുടുംബശ്രീ ജില്ലാമിഷനുമായോ ബന്ധപ്പെടുക.

**23.** ഗുണഭോക്താവിന് പരിശീലന സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെ ?

- ആധാർ
- ബാങ്ക് അക്കൗണ്ട്
- യൂണിഫോം
- പഠനോപകരണങ്ങൾ
- ലാബ്, ക്ലാസ് റൂം, കമ്പ്യൂട്ടർ
- ടാബ്‌ലറ്റ്
- ഇന്റർനെറ്റ് കണക്ഷൻ
- പ്രഥമ ശുശ്രൂഷ ബോക്സ്, കുടിവെള്ളം, ശുചിത്വം
- സൗജന്യ ഹോസ്റ്റൽ സൗകര്യം

- യാത്രാബത്ത
- സ്മാർട്ട് ക്ലാസ് റൂം
- ഇംഗ്ലീഷ് സോഫ്ട് സ്കിൽ, ഐ.ടി എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം

**24. പരിശീലനത്തിലേർപ്പെടുന്നതിന് സെന്റർ വിദൂരഭാഗത്താണെങ്കിൽ യാത്രാബത്തയോ താമസസൗകര്യമോ ലഭ്യമാകുമോ ?**

- റസിഡൻഷ്യൽ സെന്ററുകളിൽ ഹോസ്റ്റൽ സൗകര്യം.
- നോൺ റസിഡൻഷ്യൽ സെന്ററുകളിൽ യാത്രാബത്ത

**25. എനിക്ക് ഈ പരിശീലനം ഉചിതമല്ലെന്നു തോന്നിയാൽ മറ്റൊരു നൈപുണ്യ പരിശീലനത്തിലേർപ്പെടാൻ സാധിക്കുമോ ?**

ഏജൻസിയിലെ കൗൺസിലറുമായി സംസാരിച്ച് ഉചിതമായ തീരുമാനമെടുത്ത് സമയബന്ധിതമായി പ്രവർത്തിക്കുക.

**26. ജോലിക്ക് ചേരുന്നതിന് മുമ്പ് ബന്ധപ്പെട്ട് വ്യവസായ കേന്ദ്രത്തിലോ കമ്പനിയിലോ പരിശീലനം നേടാൻ സാധിക്കുമോ ?**

സാധിക്കും (ഒ.ജെ.റ്റി)

**27. ഉയർന്ന നിലവാരത്തിലെ തൊഴിൽദാതാക്കൾ ആരൊക്കെ ?**

- കഫേ കോഫിഡേ
- അപ്പോളൊ ഹോസ്പിറ്റൽസ്
- മാരുതി ഉദ്യോഗ് ലിമിറ്റഡ്.
- ബിഗ് ബസാർ ഗ്രൂപ്പ്
- ഭാരതി എയർടെൽ ലിമിറ്റഡ്
- വോഡഫോൺ
- മാൻപവർ ഗ്രൂപ്
- റ്റാറ്റ & സൺസ് ഗ്രൂപ്
- ജി.എം.ആർ ഗ്രൂപ്
- സേഫ് എക്സ്പ്രസ്
- റെയ്മണ്ട് ലിമിറ്റഡ്

- റ്റി.റ്റി.ഐ ഗ്ലോബൽ പ്രൈ.ലിമിറ്റഡ്

**28. ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുമോ?**

അതെ.

സ്വന്തം ജില്ലയ്ക്കകത്ത് 2 മാസം * 1000 = 2000/-

സംസ്ഥാനത്തിനകത്ത് ജില്ലയ്ക്ക് പുറത്ത് 3 മാസം * 1000 = 3000/

സംസ്ഥാനത്തിനു പുറത്ത് 6 മാസം * 1000 = 6000/

**29. വിദേശരാജ്യങ്ങളിൽ തൊഴിൽ നേടാൻ സാധിക്കുമോ ?**

സാധിക്കും.

**30. ഈ പരിശീലനം പൂർത്തിയാക്കുന്നതിലൂടെ സർക്കാർ ജോലി ലഭിക്കുമോ ?**

ഇല്ല.